15-5-2000-ൽ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി വിളിച്ചു കൂട്ടിയ യോഗത്തിൽ തീരുമാനിച്ചതുപ്രകാരം 2000 മേയ് 15 മുതൽ ജൂൺ 15 വരെ റോഡ് സുരക്ഷാ മാസമായി ആചരിക്കുകയും ഇതു സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

ധീരതയ്ക്ക് അംഗീകാരം നൽകുവാൻ നടപടി

94 (103) ശ്രീ. എം.മുരളി താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മാവേലിക്കര താലൂക്കിലെ ചെന്നിത്തല വില്ലേജിൽ 24-6-1999-ൽ ചെറുകോൽ ശ്രീ ശുഭാനന്ദാശ്രമത്തിലെ ജയഭദ്രൻ എന്ന ആന മദിച്ചുകയറിയപ്പോൾ പാപ്പാനെ രക്ഷപ്പെടുത്തിയ ചെന്നിത്തല വില്ലേജിൽ ചെറുകോൽ മുറിയിൽ നിലയ്ക്കൽ തെക്കതിൽ പുരുഷോത്തമൻ പിള്ളയുടെ ധീരകൃത്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്വന്തം ധീരതയിലൂടെ ആനപാപ്പാനേയും ജനങ്ങളേയും രക്ഷിച്ച പുരുഷോത്തമൻ പിള്ളയ്ക്ക് തക്കതായ അംഗീകാരവും പ്രതിഫലവും നൽകുവാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിൽ ചെങ്ങന്നൂർ റവന്യൂ ഡിവിഷൻ അധികൃതർ കാണിച്ചതായി പറയുന്ന അവഗണനയും കൃത്യവിലോപവും സർക്കാർ അന്വേഷിച്ചു വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. പുരുഷോത്തമൻ പിള്ളയും മറ്റു ചിലരും ചേർന്ന് 5-5-2000-ൽ അസിസ്റ്റന്റ് കളക്ടർ ചെങ്ങന്നൂർ മുമ്പാകെ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൻമേൽ ആലപ്പുഴ ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ല. ധീരതയ്ക്ക് അംഗീകാരത്തിനുള്ള ജീവൻരക്ഷാപഥക് സിരിസ് അവാർഡുകൾ കേന്ദ്ര സർക്കാരാണ് നൽകുന്നത്. ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാലുടൻ ഇക്കാര്യം പരിശോധിച്ച് കേന്ദ്രസർക്കാരിന് ശുപാർശ ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ചെങ്ങന്നൂർ റവന്യൂ ഡിവിഷൻ അധികൃതരുടെ ഭാഗത്ത് ഒരു അവഗണനയും കൃത്യവിലോപവും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ടാക്സി ഡ്രൈവർമാർ കൊല്ലപ്പെടുന്ന സംഭവം

95 (104) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്ത് ടാക്സി വാടകയ്ക്കെടുത്തവരാൽ എത്ര ടാക്സി ഡ്രൈവർമാർ കൊല്ലപ്പെട്ടിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly